ലൂക്കാ 1:39 - 56

നവംബർ 27: പരി. മാതാവ് ഏലീശ്വാമ്മയെ സന്ദർശിക്കുന്നു

ഭാഷ്യം

I. സന്ദർഭം

സഖറിയായോടുള്ള വചനിപ്പിലും മറിയത്തോടുള്ള വചനിപ്പിലുമായി ഗബ്രിയേൽ ദൂതൻ പറഞ്ഞ രണ്ടു കാര്യങ്ങളുടെ അടസ്ഥാനത്തിലാണ് നിർദ്ദിഷ്ട സുവിശേഷഭാഗം (ലൂക്കാ 1:39-56) നിലകൊള്ളുന്നത്. 1. മറിയം പരിശുദ്ധാത്മാവിനാൽ ഗർഭിണിയായിരിക്കുന്നു എന്ന ദൂതവചനത്തിനുള്ള ഉറപ്പും തെളിവും വന്ധ്യയായ എലിസബത്ത് ഗർഭം ധരിച്ചിരിക്കുന്നു എന്നതാണ് (1:36). ഈ അടയാളം നേരിൽക്കാണുന്നതിനുവേണ്ടി മറിയം തിടുക്കത്തിൽ യാത്ര പുറപ്പെടുന്നു. 2. അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ പരിശുദ്ധാത്മാവിനാൽ നിറയേണ്ടവനാണ് യോഹന്നാൻ (1:15). എലിസബത്തുമായുള്ള കൂടിക്കാഴ്ച ഇതിനുള്ള അവസരമായിത്തീരുന്നു (1:41-44). ശിശുവിൽ മാത്രമല്ല അവന്റെ അമ്മയിലും പരിശുദ്ധാത്മാവ് നിറഞ്ഞു (1:41).

പരിശുദ്ധാത്മാവു നിറഞ്ഞവരായ എലിസബത്തിന്റെയും മറിയത്തിന്റെയും സ്തുതിപ്പുകളാണ് തുടർന്നുവരുന്നത്. സഭയുടെ പ്രാർത്ഥനാ പാരമ്പര്യത്തിൽ 'സ്വർഗ്ഗസ്ഥനായ' കഴിഞ്ഞാൽ അടുത്ത സ്ഥാനം നേടിയവയാണ് ഈ സ്തുതിപ്പുകൾ. മംഗലവാർത്തക്കാലത്തിൽ നമുക്ക് നിരന്തരം ഉരുവിടാവുന്ന രണ്ട് പ്രാർത്ഥനകളാണിവ.

II. പ്രമേയം

ദൈവജനത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ശക്തവും പ്രത്യക്ഷവുമായ ഇടപെടലുകളെ പ്രതി ദൈവത്തെ പ്രകീർത്തിക്കുന്നത് വിശുദ്ധ ഗ്രന്ഥ പാരമ്പര്യമാണ്. ഹന്നായുടെ കീർത്തനം (1 സാമു 2:1-10), ദെബോറായുടെ കീർത്തനം (ന്യായാ 5), യൂദിത്തിന്റെ കീർത്തനം (യൂദിത്ത് 15:8), മൂശയുടെ കീർത്തനം (പുറ 15:1-21). ദാവീദിന്റെ വിജയകീർത്തനം (2 സാമു 22:1-51) എന്നിവയുടെ നിരയിലാണ് മറിയത്തിന്റെ സ്തോത്രഗീതത്തെ കാണേണ്ടത്. മറിയത്തിന്റെ ഗീതത്തിന് ഹന്നായുടെ കീർത്തനത്തോട് പദാനുപദ സാമ്യമുണ്ടെന്നു കാണാം. ഇസ്രായേൽ ചരിത്രത്തിൽ ദൈവത്തിന്റെ രക്ഷാകരമായ ഇടപെട

ലുകളിൽ മുന്നിട്ടു നിൽക്കുന്നത് പുറപ്പാട് സംഭവം തന്നെയാണ്. ദൈവം തന്റെ ജനത്തിന്റെ "കഷ്ടപ്പാടുകൾ കണ്ട്, രോദനം കേട്ട്, ദുരിതങ്ങൾ അറിഞ്ഞ് രക്ഷിക്കാൻ ഇറങ്ങി വന്നതാണ്" പുറപ്പാടു സംഭവം (പുറ 3:7). മറിയത്തിന്റെ സ്തോത്രഗീതത്തിന് പുറപ്പാടു സംഭവത്തോടുള്ള കടപ്പാട് വ്യക്തമാണ്. ശക്തനായ കർത്താവിനെക്കുറിച്ചും അവിടുത്തെ കരുത്തുറ്റ കരത്തെക്കുറിച്ചുമുള്ള പരാമർശങ്ങൾ (പുറ 3:19-20;6:1-6) മറിയത്തിന്റെ സ്തോത്രഗീതത്തിലും കാണാം. ദൈവിക ഇടപെടലുകളുടെ പാരമ്യമായ മനുഷ്യാവതാരത്തിന്റെ വെളിച്ചത്തിൽ ഉയിർക്കൊണ്ടതാണ് മറിയത്തിന്റെ സ്തോത്രഗീതം. മനുഷ്യാവതാരമെന്ന ദൈവിക പ്രവർത്തനത്തെ പഴയനിയമത്തിൽ ദൈവം ചെയ്ത വൻകാര്യങ്ങളുടെ തുടർച്ചയും പാരമ്യവുമായി അവതരിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം. ദൈവം നടത്തിയ ശക്തമായ പ്രവൃത്തികളുടെ സമ്യക്കായ വിവരണമാണ് ഇതിന്റെ ഉള്ളടക്കം.

III. സന്ദേശം

1. മറിയത്തെ കണ്ടുമുട്ടിയ എലിസബത്തും അവളുടെ ഗർഭസ്ഥ ശിശുവും പരിശുദ്ധാത്മാവിനാൽ പൂരിതരായി. ദൈവാരൂപി നിറഞ്ഞ മനുഷ്യർവഴി മറ്റുള്ളവരും ദൈവാരൂപിയാൽ നിറയുന്നു. ദൈവിക ചൈതന്യമുള്ളവരുടെ സാന്നിദ്ധ്യം നമുക്ക് ദൈവാനുഭവം തരുന്നു. നമുക്ക് ചുറ്റുമുള്ള മനുഷ്യർക്ക് നമ്മൾവഴി അനുഗ്രഹം ലഭിക്കാനുള്ള മാർഗ്ഗം നമ്മൾ ദൈവാത്മാവാൽ നിറഞ്ഞവരാകുക എന്നതാണ്.

2. മറിയം എലിസബത്തിനെ സന്ദർശിച്ച് അഭിവാദനം ചെയ്തു. എലിസബത്ത് മറിയത്തെ പ്രകീർത്തിച്ചു. ഇരുവരും ദൈവസ്തുതികൾ ആലപിച്ചു. ദൈവത്തിന് പ്രിയപ്പെട്ടവരുടെ ജീവിതശൈലി ഇതാണ്. ദൈവത്തെ സ്തുതിക്കുക. മനുഷ്യരെ അംഗീകരിക്കുക. ഒരാൾ മറ്റെയാൾക്ക് ലഭിച്ച അനുഗ്രഹങ്ങളിൽ സന്തോഷിക്കുന്നു. അനുഗ്രഹങ്ങൾ നൽകിയ ദൈവത്തെ വാഴ്ത്തുന്നു. അനുഗ്രഹങ്ങളിൽ ദൈവത്തെ മറക്കുന്നവരും മറ്റുള്ളവർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങളിൽ അസൂയപ്പെടുന്നവരുമായ നമ്മൾ മറിയത്തിന്റെയും എലിസബത്തിന്റെയും മാതൃക സ്വീകരിച്ചിരുന്നെങ്കിൽ!

3. ദൈവത്തിന്റെ പ്രവർത്തന രീതിയും അവിടുത്തെ മനസ്സും വ്യക്തമാക്കിത്തരുന്നതാണ് മറിയത്തിന്റെ കീർത്തനം. ദൈവം പ്രവർത്തിക്കുന്നത് ലോകത്തിലെ ശക്തരുടെയും സമ്പന്നരുടെയും പക്ഷത്തു നിന്നുകൊണ്ടല്ല, മറിച്ച് എളിയവർക്കും വിശക്കുന്നവർക്കും വേണ്ടിയാണ്. ഭൂമിയിൽ ദൈവത്തിന്റെ പ്രവൃത്തികൾ ചെയ്യാനുള്ള മാർഗ്ഗം എളിയവർക്കും വിശക്കുന്നവർക്കും ദരിദ്രർക്കുംവേണ്ടി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നതു മാത്രമാണ്. അങ്ങനെ ജീവിച്ച് ദൈവത്തിന്റേതായി ഒരമ്മ ഭാരതത്തിൽ ജീവിച്ചിരുന്നു; കൊൽക്കത്തയിലെ വിശുദ്ധ തെരേസ.

ഡോ. അബ്രഹാം നെല്ലിക്കൽ

പ്രസംഗം

ആത്മാവിൽ നിറയും

ഈ ഭൂമി ജീവിതത്തിലെ ഓരോ നിമിഷവും സുവിശേഷമായി പരിവർത്തനം ചെയ്യുക എന്നതാണ് ശിഷ്യജീവിതത്തിന്റെ വെല്ലുവിളി. കാരണം, സുവിശേഷം ക്രിസ്തുവാണ്. ശിഷ്യൻ ക്രിസ്തുവിനെ അടയാളപ്പെടുത്തേണ്ടവനാണ്. ദൈവ-മനുഷ്യ സമാഗമത്തിന്റെയും സന്ദർശനത്തിന്റെയും അനുഭവസാക്ഷ്യമാണ് സുവിശേഷം. ദൈവം മനുഷ്യനെ സന്ദർശിച്ച മനുഷ്യാവതാര രഹസ്യത്തിന്റെ ഓർമ്മയ്ക്ക് പിറവിത്തിരുന്നാളിന് ഒരുക്കമായുള്ള ഇരുപത്തഞ്ച് നോമ്പിലേക്ക് നാം പ്രവേശിക്കുകയാണ്. നോമ്പ് യാത്രയിൽ വഴിവിളക്കായി സ്വീകരിക്കേണ്ട വചനഭാഗമാണിത്. ദൈവ-മനുഷ്യസമാഗത്തിലേക്ക് പ്രവേശിക്കുമ്പോൾ മനുഷ്യ-മനുഷ്യ സന്ദർശനത്തെ 'സുവിശേഷമായി' എങ്ങനെ പരിവർത്തനം ചെയ്യാമെന്ന് ഈ വചനഭാഗം നമ്മോട് പറയുന്നു.

ദൈവകൃപ നിറഞ്ഞ രണ്ട് ജീവിതങ്ങളുടെ കണ്ടുമുട്ടലാണ് ധ്യാനവിഷയം. ദൈവമാതാവായി തിരഞ്ഞെടുക്കപ്പെട്ട പരിശുദ്ധ മറിയവും ദൈവപുത്രന് വഴിയൊരുക്കാൻ കടന്നുവന്ന സ്നാപകന്റെ അമ്മ എലിസബത്തും ഒരുമിക്കുന്ന സന്ദർശന നേരമാണിത്. രക്ഷാകരപദ്ധതിയിൽ പങ്കുചേരാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും ദൈവദൂത് പ്രത്യേകമായി ലഭിച്ചവരുമാണിവർ. ദൈവഹിതത്തിന് തങ്ങളെത്തന്നെ സമർപ്പിച്ച അമ്മമാർ കൂടിയാണിവർ. അതുകൊണ്ടുതന്നെ അവരുടെ സന്ദർശനവും സവിശേഷമായ സന്ദേശമായി മാറി; സുവിശേഷമായി മാറി.

സന്ദർശനത്തെ സുവിശേഷമാക്കി മാറ്റുന്ന അമ്മജീവിതങ്ങളുടെ കണ്ടുമുട്ടൽ നൽകുന്ന പാഠങ്ങളെ നമുക്ക് ധ്യാനിക്കാം. ഒന്നാമതായി, ഉള്ളിലുള്ള ദൈവകൃപയെ ഉണർത്തുന്ന സന്ദർശനമാണിത്. ദൈവസന്നിധിയിൽ കൃപ കണ്ടെത്തിയ അമ്മ മറിയവും ദൈവത്തിൽ നിന്ന് കരുണ ലഭിച്ച എലിസബത്തും പരസ്പരം അഭിവാദനം ചെയ്യുമ്പോൾ, അവരിലുള്ള ദൈവകൃപ ഉണരുന്ന നേരമായി അത്. കുടുംബ സമാഗമങ്ങളും സുഹൃദ് സമാഗമങ്ങളും, ഇടവകകൂട്ടായ്മകളും ശക്തിപ്പെടുന്നത് ഇങ്ങനെയുള്ള സന്ദർശനങ്ങളിലൂടെയായിരിക്കണം. എന്നിലും അപരനിലുമുള്ള ദൈവകൃപയെ ഉണർത്തുന്ന സന്ദർശനങ്ങൾ, ദൈവാനുഗ്രഹങ്ങൾ വർഷിക്കാൻ കാരണമാകും. കുടുംബങ്ങൾ ദൈവകൃപയുടെ കൂടാരങ്ങളാകും. പരസ്പരമുള്ള കുറ്റപ്പെടുത്തലുകളും പഴിചാരലുകളും ഒഴിവാക്കി നന്മ ആഗ്രഹിച്ചുകൊണ്ടുള്ള തിരുത്തലുകൾക്കും ദൈവപദ്ധതിയനുസരിച്ചുള്ള തീരുമാനങ്ങൾക്കും ഇത്തരം സന്ദർശനങ്ങൾ വേദിയാകും.

രണ്ടാമതായി, ദൈവകൃപ നിറഞ്ഞ അഭിവാദനങ്ങൾ പരിശുദ്ധാത്മാഭിഷേകത്തിന് കാരണമായി. മറിയത്തിന്റെ അഭിവാദനം കേട്ടപ്പോൾ എലിസബത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി (ലൂക്കാ 1:41). ഈ അമ്മമാരുടെ പുത്രൻമാരും പരസ്പരം കണ്ടുമുട്ടിയപ്പോൾ സ്വർഗ്ഗം തുറന്ന് പരിശുദ്ധാത്മാവിന്റെ അഭിഷേകം പ്രാപിച്ചു. ജോർദ്ദാൻ നദിക്കരയിൽ സ്നാപകൻ ഈശോ യ്ക്ക് നൽകിയ സാക്ഷ്യം, അമ്മമാരുടെ ജീവിതത്തിലെ സാക്ഷ്യപ്പെടുത്തലിന്റെ പിൻതുടർച്ചയായി മാറി. ദൈവഹിതത്തിന് മുൻപിൽ തങ്ങളെത്തന്നെ പൂർണ്ണമായി സമർപ്പിച്ച അമ്മമാരുടെ കണ്ടുമുട്ടൽ പരിശുദ്ധാത്മാഭിഷേകത്തിന്റെ സംഗമവേദിയായി. "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കൽപന പാലിക്കും. ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടെ ആയിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്ക് നൽകുകയും ചെയ്യും" (യോഹ 14:15,16). നമ്മുടെ കണ്ടുമുട്ടലുകൾ ഇനി പരിശുദ്ധാത്മാവിനെ പ്രാപിക്കാനുള്ള അവസരങ്ങളായി പരിണമിപ്പിക്കാം. ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ; ദൈവത്തിന് സ്തുതി, ദൈവം താങ്കളെ അനുഗ്രഹിക്കട്ടെ തുടങ്ങിയ അഭിവാദനങ്ങളോടെ സംഭാഷണങ്ങൾ ആരംഭിക്കാം. ഫോൺ സംഭാഷണങ്ങളും നേരിട്ടുള്ള കണ്ടുമുട്ടലുകളും പരിശുദ്ധാത്മാഭിഷേകം നിറയ്ക്കുന്ന അഭിവാദനങ്ങളോടെ തുടങ്ങാം.

ദൈവാത്മാവിന്റെ ദാനങ്ങളും ഫലങ്ങളും സ്വീകരിച്ച് നാം കണ്ടുമുട്ടുന്നവരിൽ ദൈവസ്നേഹത്തിന്റെ നീർച്ചാൽ ഒഴുക്കാൻ നമുക്ക് സാധിക്കട്ടെ.

ഫാ. ഡൊമിനിക് സാവിയോ ഒഐസി